"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ല - ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലർക്ക് ശ്രീ. സുമേഷ് എം.കെ. യ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2933/2022/LSGD തീയതി,തിരുവനന്തപുരം, 26-11-2022

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25/01/2020-ലെ ഇ13 -(എസ്. സി 36/2018/എൻ ആർ കെ) 37852/18 നമ്പർ റിപ്പോർട്ട്.
2. സർക്കാരിന്റെ 24/11/2020 ലെ ഇപിബി3/72/2020/തസ്വഭവ. നമ്പർ കുറ്റപത്രം.
3. ശ്രീ സുമേഷ്.എം. കെ 09/02/2021 ൽ സമർപ്പിച്ച എതിർവാദപത്രിക.
4. പഞ്ചായത്ത് ഡയറക്ടറുടെ 30/07/2021 ലെ PAN/865/2021-D1(DP) നമ്പർ കത്ത്.
5. സ.ഉ.(സാധാ)നം..2384/2021/തസ്വഭവ. തീയതി, 26/11/2021.
6. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 31/01/2022 ലെ ഡിഡിപി-കെകെഡി/345/2021-A5 നമ്പർ റിപ്പോർട്ട്.
7. സർക്കാരിന്റെ 01/04/2022 ലെ ഇപിബി3/72/2020/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
8. ശ്രീ സുമേഷ്.എം. കെ 27/05/2022 ൽ സമർപ്പിച്ച എതിർവാദപത്രിക.
9. പഞ്ചായത്ത് ഡയറക്ടറുടെ 05/07/2022 ലെ PAN/865/2021-D1(DP) നമ്പർ കത്ത്.

**ഉത്തരവ്**

സ്വകാര്യ സ്ഥാപനങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർ അനധികൃതമായി ട്യൂഷൻ എടുക്കുന്നുവെന്നതു സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത അന്വേഷണത്തിൽ കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ അപ്പർ ഡിവിഷൻ ക്ലർക്കായി സ്ഥിരം തസ്തികയിൽ സർക്കാർ സേവകനായി ശമ്പളം പറ്റി ജോലി ചെയ്ത് വരവേ ശ്രീ സുമേഷ്.എം. കെ സർക്കാർ സർവീസ് ചട്ടങ്ങൾ ലംഘിച്ചു കൊണ്ട് കോഴിക്കോട് ജില്ലയിലെ കോക്കല്ലൂർ എന്ന സ്ഥലത്ത് പ്രവർത്തിച്ചു വരുന്നതായ ഗ്യാലക്സി കോളേജിൽ വിദ്യാർത്ഥികൾക്ക് സ്ഥിരമായി സ്വകാര്യ ട്യൂഷൻ എടുക്കുന്നു എന്ന് കണ്ടെത്തി. തുടർന്ന് മേൽ വിവരിച്ച ക്രമക്കേടുകൾ ഉണ്ടായത് വഴി കൃത്യവിലോപത്തിനും, ചട്ടലംഘനത്തിനും അച്ചടക്ക രാഹിത്യത്തിനും ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ യു. ഡി. ക്ലാർക്കായി ശ്രീ സുമേഷ്.എം. കെ യ്ക്കെതിരെ KCS(CC&A) റൂൾ പ്രകാരം കുറിന ശിക്ഷക്കുള്ള കുറ്റപത്രം നല്കി പരാമർശ (2) പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. ശ്രീ സുമേഷ്.എം.

കെ പരാമർശ. (3) പ്രകാരം സമർപ്പിച്ചു എതിർവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 4 ) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട് .

ശ്രീ സുമേഷ്.എം. കെ യ്ക്കെതിരെ കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിനാൽ ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം (5) പ്രകാരം കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതും തുടർന്ന് പരാമർശം (6) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

പ്രസ്തുത റിപ്പോർട്ട് പ്രകാരം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ കോക്കല്ലൂരിൽ പ്രവർത്തിച്ചു വരുന്ന ഗ്യാലക്സി ട്യൂഷൻ സെന്ററിൽ ട്യൂഷൻ എടുത്തിട്ടുണ്ട് എന്ന് ശ്രീ സുമേഷ്.എം. കെ സമ്മതിക്കുന്നുണ്ട്. അതിനാൽ സ്വകാര്യ സ്ഥാപനത്തിൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ എടുത്തിട്ടുണ്ട് എന്നത് വ്യക്തമാണ് എന്നും എന്നാൽ ശ്രീ സുമേഷ്.എം. കെ യുടെ സേവനപുസ്തകം പരിശോധിച്ചതിൽ നിന്നും ശ്രീ സുമേഷ്.എം. കെ ജോലി ചെയ്ത കാര്യാലയങ്ങളും ട്യൂഷൻ എടുത്തു എന്ന് പറയുന്ന സ്ഥാപനവുമായുള്ള ദൂരം കണക്കാക്കുമ്പോൾ ഇക്കാലയളവിൽ ടിയാൻ സ്ഥിരമായി ട്യൂഷൻ എടുത്തു എന്ന് കരുതാൻ കഴിയില്ല എന്നും കണ്ടെത്തിയിട്ടുണ്ട്. ഉള്ള്യേരി ഗ്രാമ പഞ്ചായത്തിൽ സേവനത്തിലിരിക്കെയാണ് സ്വകാര്യ സ്ഥാപനത്തിൽ ട്യൂഷൻ എടുക്കുന്ന അവസരത്തിൽ വിജിലൻസ് പരിശോധന നടത്തിയിട്ടുള്ളത്. കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിക്കുന്ന കാലയളവിൽ ടിയാൻ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന വസ്തുത വിലയിരുത്തി ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ സേവനത്തിലിരിക്കെ അവധി ദിവസങ്ങളിലോ, ഓഫീസ് ആരംഭിക്കുന്നതിന് മുമ്പായോ, ഓഫീസ് സമയം അവസാനിച്ചതിന് ശേഷമോ സ്ഥിരമായിട്ടല്ലെങ്കിലും ശ്രീ സുമേഷ്.എം. കെ ട്യൂഷൻ എടുത്തതായി നിരീക്ഷിക്കുന്നു.

മേൽ വസ്തുതകൾ പരിശോധിക്കുമ്പോൾ സ്ഥിരമായല്ലെങ്കിലും ചുരുങ്ങിയ കാലയളവിലെങ്കിലും ശ്രീ സുമേഷ്.എം. കെ കോഴിക്കോട് ജില്ലയിലെ കോക്കല്ലൂർ ഗാലക്സി ട്യൂഷൻ സെന്ററിൽ വിദ്യാർത്ഥികൾക്ക് സ്വകാര്യ ട്യൂഷൻ എടുത്തിട്ടുണ്ടെന്ന് ഔപചാരിക അന്വേഷണ അധികാരി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ ജോലിയിൽ തുടരുന്ന കാലയളവുകളിലൊന്നും ഹാജരില്ലായ്മക്കെതിരെ ടിയാനെതിരെ നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ലെന്നും ടിയാൻ, ചുമതലപ്പെടുത്തിയ ജോലികൾ വീഴ്ച കൂടാതെ ചെയ്യുന്ന ഉദ്യോഗസ്ഥനാണെന്നും സേവന പുസ്തകം പരിശോധിച്ചതിൽ നിന്നും ജയിൽ വകുപ്പിൽ നിന്നും രണ്ട് തവണ ഗുഡ് സർവ്വീസ് എൻട്രി ലഭിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കുറ്റാരോപിതനായ ശ്രീ സുമേഷ്.എം. കെ. യ്ക്കെതിരെ ഉദാരമായ സമീപനം കൈക്കൊണ്ട് ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടയുവാൻ സർക്കാർ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് ടിയാൻ പരാമർശം (8) പ്രകാരം മറുപടി സമർപ്പിക്കുകയും ആയതിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (9) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

ശ്രീ. സുമേഷ് എം. കെ. കാരണം കാണിക്കൽ നോട്ടീസിന് നൽകിയ മറുപടിയിൽ പരാമർശിച്ചതു പ്രകാരം ടിയാൻ സ്ഥിരമായി സ്വകാര്യ ട്യൂഷൻ എടുക്കുന്നു എന്ന് ബോധ്യപ്പെട്ടിട്ടില്ല എങ്കിലും സ്വകാര്യ ട്യൂഷൻ എടുത്തിട്ടുണ്ട് എന്നത് വസ്തുതയും ആയത് ടിയാൻ തന്നെ സമ്മതിച്ചതുമാണെന്നും, സൗജന്യമായാണ് ട്യൂഷൻ എടുത്തിട്ടുള്ളത് എന്ന് തെളിയിക്കുന്നതിനോ, സാമൂഹ്യ സേവനമാണെന്ന് തെളിയിക്കുന്നതിനോ ഉള്ള രേഖകളൊന്നും ടിയാൻ ഔപചാരിക അന്വേഷണ വേളയിലോ, ടിയാന്റെ വിശദീകരണത്തിനോടൊന്നിച്ചോ ഹാജരാക്കിയിരുന്നില്ലായെന്നും ടിയാൻ പ്രതിഫലം വാങ്ങിയതായി അന്വേഷണ ഉദ്യോഗസ്ഥൻ

അഭിപ്രായപ്പെടുകയുണ്ടായില്ലെങ്കിലും സ്വകാര്യ സ്ഥാപനത്തിൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ എടുത്തിട്ടുണ്ട് എന്നത് ബോധ്യപ്പെട്ടിട്ടുള്ളതാണ് എന്നും പഞ്ചായത്ത് ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഔപചാരിക അന്വേഷണത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രതിഫലം വാങ്ങിയാണ് ട്യൂഷൻ എടുത്തത് എന്ന് ബോധ്യപ്പെട്ടിട്ടില്ലെങ്കിലും സ്ഥിരമായല്ലെങ്കിലും ചുരുങ്ങിയ കാലയളവെങ്കിലും ശ്രീ. സുമേഷ് എം കെ കോഴിക്കോട് ജില്ലയിലെ കോക്കല്ലൂർ എന്ന സ്ഥലത്തെ ഗ്യാലക്സി ട്യൂഷൻ സെന്ററിൽ വിദ്യാർത്ഥികൾക്ക് സ്വകാര്യ ട്യൂഷൻ എടുത്തിട്ടുണ്ടെന്ന് ബോധ്യമായ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായിരുന്ന ശ്രീ സുമേഷ് എം.കെ. യുടെ ഒരു ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടയുവാൻ എടുത്ത താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. ശ്രീ. സുമേഷ്. എം.കെ, മുൻ സീനിയർ ക്ലാർക്ക് ഉള്ള്യേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്. (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന).
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് വിജി-ഡി2/39/2020-വിജി തീയതി 14/11/2022 പ്രകാരം).
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/72/2020/തസ്വഭവ).

ഉത്തരവിൻ പ്രകാരം
**Signed by Noushad M**
**Date: 28-11-2022 10:44:49**
സെക്ഷൻ ഓഫീസർ